**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3037** | **28-02-2023 - ൽ മറുപടിയ്ക്ക്**

**യുവജന കമ്മീഷൻ ഓഫീസ് സംവിധാനത്തിന്റെ ചെലവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന യുവജന കമ്മീഷൻ ഓഫീസ് സംവിധാനത്തിനായി പ്രതിവർഷം എത്ര രൂപ ചെലവഴിക്കുന്നുണ്ട്; ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2021-22 സാമ്പത്തിക വർഷം ജീവനക്കാരുടെ ശമ്പളം, അംഗങ്ങളുടെ ഓണറേറിയം ഇനങ്ങളിൽ ആകെ 1,00,06,117/- രൂപയും ശമ്പളേതര ഓഫീസ് ചെലവുകൾക്കായി 14,27,120/- രൂപയും ചെലവായിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം ശമ്പളം, അംഗങ്ങളുടെ ഓണറേറിയം ഇനങ്ങളിൽ നാളിതുവരെ ആകെ 94,06,000/- രൂപയും ശമ്പളേതര ഓഫീസ് ചെലവുകൾക്കായി 11,38,000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | കമ്മീഷൻ ഓഫീസിലും ചെയർപേഴ്സനുമായി നിലവിൽ എത്ര വാഹനങ്ങൾ ഉപയോഗിക്കുന്നുണ്ട്; ഈ വാഹനങ്ങൾ കരാർ അടിസ്ഥാനത്തിൽ ആണോ ഉപയോഗിക്കുന്നത്; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര രൂപയാണ് ഈ ഇനത്തിൽ പ്രതിവർഷം ചെലവഴിക്കുന്നത്; വിശദാംശം നൽകാമോ? | (ബി) | യുവജന കമ്മീഷൻ ഓഫീസ് ആവശ്യങ്ങൾക്കും ചെയർപേഴ്സന്റെ ആവശ്യങ്ങൾക്കുമായി നിലവിൽ കരാർ അടിസ്ഥാനത്തിലുള്ള രണ്ട് വാഹനങ്ങളാണുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2021 മെയ് മുതൽ മാർച്ച് 31 വരെ ആകെ 11,53,612/- രൂപയും നടപ്പ് സാമ്പത്തിക വർഷം (2022 ഏപ്രിൽ മുതൽ നാളിതുവരെ) 11,13,377/- രൂപയും ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ